# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

### ഗ്രാമ പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 447 — 06.03.2012 ൽ മറുപടിക്ക്

**ചോദ്യം**

ശ്രീമതി ഗീതാ ഗോപി

**മറുപടി**

ഡോ. എം.കെ. മുനീർ
ബഹു:പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനു വേണ്ടിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതി എത്ര ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ; | എ) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച അക്രൂവൽ അടിസ്ഥാനത്തിലുള്ള സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ സംസ്ഥാനത്തെ 395 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ട്. അതിൽ 333 ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കി. |

ബി) ഈ രീതി നടപ്പാക്കുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥൻ-മാർക്ക് ഇതുവരെ എന്തെല്ലാം പരിശീല നങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ബി) കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള അക്രുവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് തയ്യാറാക്കുന്ന രീതി, പഞ്ചായത്തിൽ സാംഖ്യ വിന്യസിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ, ശേഖരിക്കേണ്ട വിവരങ്ങൾ, സോഫ്റ്റ് വെയർ ഉപയോഗിക്കാൻ പ്രായോഗിക പരിശീലനം എന്നീ വിഷയങ്ങളിൽ 395 ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിമാർ, അക്കൗണ്ടന്റുമാർ, രണ്ട് ക്ലാർക്കുമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ